## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. T 1527

21.01.2014 – ലെ മറുപടിയ്ക്കുണ്ടായിരുന്നത്

### വിദ്യാഭ്യാസ വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) 2004–2009 കാലയളവിലുള്ള വിദ്യാഭ്യാസ വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്നാണ് തീരുമാനമെടുത്തത് ; | (ബി) ബി.പി.എൽ. വിഭാഗക്കാരുടെ പലിശ സബ്സിഡി സംബന്ധിച്ച ഉത്തരവ് 18.10.2012 –ൽ പുറപ്പെടുവിച്ചു. 3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ളവരുടെ പലിശ സബ്സിഡി സംബന്ധിച്ച ഉത്തരവ് 03.08.2013 –ൽ പുറപ്പെടുവിച്ചു. |

(-------2)

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ച് എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചതെന്നും ആർക്കെങ്കിലും സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ; | (സി) | പലിശ സബ്സിഡി അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം <u>അനുബന്ധത്തിൽ</u> ചേർത്തിരിക്കുന്നു. |
| (ഡി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാത്തതെന്നും എന്ന് നടപ്പിലാക്കുമെന്നും അറിയിക്കാമോ ? | (ഡി) | കോട്ടയം ജില്ലയിൽ 2241 –ഉം, എറണാകുളം ജില്ലയിൽ 285 –ഉം, തൃശ്ശൂർ ജില്ലയിൽ 470 –ഉം, പാലക്കാട് ജില്ലയിൽ 148 –ഉം, കാസർഗോഡ് ജില്ലയിൽ 43 –ഉം അപേക്ഷകൾ (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ) ലഭിച്ചതിന് പലിശ സബ്സിഡി അനുവദിക്കാനായി ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്.<br><br>ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഏതാനും അപേക്ഷകൾ ഫണ്ട് അനുവദിക്കാനായി ജില്ലാ കളക്ടർമാരിൽ നിന്നു അടുത്തയിടെ ലഭിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്.<br><br>ഇനിയും ഫണ്ട് അനുവദിക്കുവാൻ ശേഷിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ആവശ്യമായ ഫണ്ട് സംബന്ധിച്ച നിർദ്ദേശം ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക്, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് ഫണ്ട് അനുവദിക്കുന്നതാണ്. |

3 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള വിഭാഗക്കാർക്ക് പലിശ സബ്സിഡി അനുവദിക്കുന്നതിനായി അപേക്ഷ കളക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 28.02.2014 ആയിരുന്നു. ഈ വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ വിവിധ ജില്ലാ കളക്ടറേറ്റുകളിൽ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 31.12.2014 വരെ ലഭിച്ച അപേക്ഷകളുടെ എണ്ണം

| ജില്ല | ബി.പി.എൽ. വിഭാഗത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിഭാഗത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 1558 | 4203 |
| കൊല്ലം | 1506 | 4575 |
| പത്തനംതിട്ട | 1230 (ഇതിൽ അർഹതയുള്ള അപേക്ഷകൾ– 536) | 4484 |
| ആലപ്പുഴ | 2662 | 6500 |
| കോട്ടയം | 3570 (ഇതിൽ അർഹതയുള്ള അപേക്ഷകൾ – 2527) | 8541 |
| ഇടുക്കി | 1192 | 3579 |
| എറണാകുളം | 747 | 5282 (ഇതിൽ അർഹതയുള്ള അപേക്ഷകൾ – 4794) |
| തൃശ്ശൂർ | 580 (ഇതിൽ അർഹതയുള്ള അപേക്ഷകൾ – 444) | 2895 |
| പാലക്കാട് | 200 (ഇതിൽ അർഹതയുള്ള അപേക്ഷകൾ – 147) | 2708 |
| മലപ്പുറം | 256 | 1700 |
| കോഴിക്കോട് | 503 | 4241 |
| വയനാട് | 783 | 2772 |
| കണ്ണൂർ | 494 | 2005 |
| കാസർഗോഡ് | 185 (ഇതിൽ അർഹതയുള്ള അപേക്ഷകൾ – 120) | 918 |